# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4584

21.03.2018 — ൽ മറുപടിക്ക്

## ആവശ്യമായ അളവിൽ ഭക്ഷ്യധാന്യ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. രാജഗോപാലൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) എ.പി.എൽ.വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു മാസത്തേക്ക് അനുവദിക്കുന്ന ഒരു കിലോ ഭക്ഷ്യധാന്യം കൊണ്ട് കുടുംബത്തിന് കഴിയാൻ സാധിക്കുമോയെന്ന് വകുപ്പ് അധികൃതർ പരിശോധിക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതമാണ് മുൻഗണനേതര വിഭാഗത്തിന് നിലവിൽ നൽകുന്നത്. ആയത് പ്രസ്തുത വിഭാഗത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമല്ല. |
| (ബി) എ.പി.എൽ./ബി.പി.എൽ. വേർതിരിക്കുന്നതിലെ അപാകത മൂലം സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ദരിദ്ര വിഭാഗങ്ങൾക്ക് ഒരു കിലോ അരി മാത്രം കിട്ടുന്നത് ഒഴിവാക്കി ഒരു കുടുംബത്തിന് ആവശ്യമായ ശരാശരി ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബി.പി.എൽ / എ.പി.എൽ പട്ടികയ്ക്ക് പകരമായി മുൻഗണനാ / മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിച്ച് പ്രസ്തുത പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നതോടെ പ്രസ്തുത പ്രശ്നത്തിന് പരിഹാരമാകുന്നതാണ്. കൂടാതെ, കേന്ദ്രത്തിൽ നിന്നും അധിക ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനേതര വിഭാഗത്തിനുള്ള വിഹിതം വർദ്ധിപ്പിക്കുന്ന നടപടി പരിഗണിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*